**പതിമൂന്നാം കേരള നിയമ സഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1178 21-03-2013 -ലെ മറുപടിക്ക്

**വരൾച്ചാ ദുരിതാശ്വാസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.കെ. ജയചന്ദ്രൻ** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് വരൾച്ചമൂലം കാർഷിക മേഖലയിൽ ഉണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ആകെ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്; | എ) | ആകെ 5810.66 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. |
| ബി) | വരൾച്ചാ ദുരിതം മറികടക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | ബി) | 31.12.2012 ൽ സംസ്ഥാനം മൊത്തത്തിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഓരോ ജില്ലയിലേയും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ഈ യോഗങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തിവരുകയും ചെയ്യുന്നു. 2013 ജനുവരി 23 ന് വരൾച്ച നേരിടുന്നതിന് വേണ്ടി പ്രത്യേക ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തു. അതനുസരിച്ച് എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചു. കുടിവെള്ള/വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി.ആർ.എഫ് -ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 7888.0965 കോടി രൂപയുടെ അധിക സഹായത്തിനായി 23.02.2013-ൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ 3936.81 കോടി |

<table>
<tr><td></td><td></td><td></td><td>രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കാൻ പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ട ത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം 17.03.2013 മുതൽ 21.03.2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് വരൾച്ചാ കെടുതികൾ വിലയിരുത്തി വരുന്നു.</td></tr>
<tr><td>സി)</td><td>വരൾച്ചാ ദുരിതാശ്വാസമായി ഓരോ ജില്ലയ്ക്കും അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം നൽകാമോ?</td><td>സി)</td><td>
<table>
<tr><th><u>ജില്ല</u></th><th><u>തുക</u> <u>(രൂപയിൽ)</u></th></tr>
<tr><td>തിരുവനന്തപുരം</td><td>12.47 കോടി</td></tr>
<tr><td>കൊല്ലം</td><td>8.45 കോടി</td></tr>
<tr><td>പത്തനംതിട്ട</td><td>5.25 കോടി</td></tr>
<tr><td>ആലപ്പുഴ</td><td>5.36 കോടി</td></tr>
<tr><td>കോട്ടയം</td><td>5.18 കോടി</td></tr>
<tr><td>ഇടുക്കി</td><td>4.09 കോടി</td></tr>
<tr><td>എറണാകുളം</td><td>6.51 കോടി</td></tr>
<tr><td>തൃശ്ശൂർ</td><td>6.11 കോടി</td></tr>
<tr><td>പാലക്കാട്</td><td>9.26 കോടി</td></tr>
<tr><td>മലപ്പുറം</td><td>6.70 കോടി</td></tr>
<tr><td>കോഴിക്കോട്</td><td>3.57 കോടി</td></tr>
<tr><td>വയനാട്</td><td>4.73 കോടി</td></tr>
<tr><td>കണ്ണൂർ</td><td>4.06 കോടി</td></tr>
<tr><td>കാസർഗോഡ്</td><td>3.26 കോടി</td></tr>
<tr><td>ആകെ</td><td>85.00 കോടി</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ